മലയാള മനോരമ
ESTABLISHED 1888
21 June 2018



പ്രധാനമന്ത്രി നരേന്ദ്ര മോദി വിഡിയോ കോൺഫറൻസിന്റെ തത്സമയ സംപ്രേഷണം വീക്ഷിക്കുന്ന കർഷകർ.

# പ്രധാനമന്ത്രി – കർഷകസംവാദം ജില്ലയിലും തത്സമയം

കൊച്ചി • പ്രധാനമന്ത്രി നരേന്ദ്ര മോദി വിഡിയോ കോൺഫറൻസ് വഴി രാജ്യത്തെ തിരഞ്ഞെടുത്ത കർഷകരുമായി നടത്തിയ സംവാദം ജില്ലയിലെ കർഷകർക്കു വേണ്ടി തത്സമയം സംപ്രേഷണം നടത്തി.

കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലായിരുന്നു (സിഎംഎഫ്ആർഐ) സംപ്രേഷണം. നൂറ്റൻപതോളം കർഷകർ പങ്കെടുത്തു. ജില്ലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്താൻ ശാസ്ത്രജ്ഞർ കർഷകരുമായി മുഖാമുഖം നടത്തി.

പൊക്കാളി പാടങ്ങളിലെ നെല്ല് കൊയ്തെടുക്കുന്നതിനു കർമസേന രൂപീകരിക്കുകയോ യോജിച്ച കൊയ്ത്തു യന്ത്രങ്ങൾ വികസിപ്പിക്കുകയോ ചെയ്യണമെന്നു കർഷകർ ആവശ്യപ്പെട്ടു.

ഓരുജല മത്സ്യക്കൃഷിക്കു മത്സ്യക്കുഞ്ഞുങ്ങളെ വികസിപ്പിക്കുന്നതിനുള്ള ഹാച്ചറി സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും കാർഷികോൽപന്നങ്ങൾക്കു വിപണന സാധ്യതകൾ സൃഷ്ടിക്കണമെന്നും കർഷകർ ആവശ്യപ്പെട്ടു.

കർഷകർക്കു പച്ചക്കറി വിത്തുകളും കെവികെയുടെ ജൈവവളവും വിതരണം ചെയ്തു. ഡോ. സ്മിത ശിവദാസൻ, ഡോ. പി.എ. വികാസ്, പി. ശ്രീലത, സജീവ് നായരമ്പലം, ബൈജു മൂക്കന്നൂർ എന്നിവർ പ്രസംഗിച്ചു.